(എ) സംസ്ഥാനത്ത് ഇക്കൊല്ലം ലക്ഷ്യമിട്ട നികുതി പിരിവ് എത്ര യാണ്;

(ബി) ഇതുവരെയുള്ള നികുതിപിരിവ് നിരക്കുവച്ച് വർഷാവസാനം ലക്ഷ്യം പൂർത്തിയാക്കുമോ;

(സി) ഇല്ലെങ്കിൽ നികുതി പിരിവ് കുറയ്ക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) നികുതി പിരിവ് ലക്ഷ്യത്തിലെത്തിക്കാൻ എന്തൊക്കെ നടപടി കൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷം ലക്ഷ്യമിട്ട നികുതിപിരിവ് (ഡ്യൂട്ടികൾ അടക്കം) 6439.67 കോടി രൂപയാണ്.

(ബി) ലക്ഷ്യം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) നികുതി പിരിവുകൾ ലക്ഷ്യത്തിലെത്തിക്കാൻ ഉന്നതതല അവ ലോകനയോഗങ്ങൾ കൂടുകയും ലക്ഷ്യം കൈവരിക്കുന്നതിന് പിരിവിന്റെ ചുമ തലയുള്ള ഉദ്യോഗസ്ഥർക്ക് കർക്കശ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് കരാറുകാർക്ക് കൊടുത്ത് തീർക്കുവാനുള്ള ബിൽ

15 (347) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഖജനാവിൽ എത്ര കോടി രൂപയുടെ മിച്ചമുണ്ടായിരുന്നു;

(ബി) ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ മൊത്തം ഋണ ബാദ്ധ്യത എത്ര കോടി രൂപയാണ്; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് കരാറുകൾക്ക് കൊടുത്ത് തീർക്കുവാനുള്ള ബിൽ കുടിശ്ശിക തുകയായ 1000 കോടി രൂപയും സഹകരണ ബാങ്കുകളിൽ നിന്ന് കടമെടുത്ത 1400 കോടി രൂപയും സംസ്ഥാനത്തെ പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പ ളയിനത്തിൽ കൊടുക്കേണ്ടിവരുന്ന അധിക ബാദ്ധ്യതയും ഏത് രീതിയിൽ കണ്ടെത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കോടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്; ഇതിൽ കിസ്ത് കുടിശ്ശിക എത്ര രൂപ; കുടിശ്ശികയായ കിസ്ത് തുകയിൽ എത്ര കോടി രൂപ ഇളവ് അനുവദിച്ചു നൽകി, വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ റവന്യൂ കമ്മി എത്ര കോടി രൂപ യാണ്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 192.50 കോടി രൂപയുടെ മിച്ചം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000 മാർച്ച് വരെ ആകെ 20176.06 കോടി രപ ഇനം തിരിച്ചുള്ള സ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പൊതുമരാമത്ത് കരാറുകൾക്ക് കൊടുക്കുവാൻ വേണ്ട തുക എല്ലാ വർഷവും ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ പണം കടം എടുത്തിട്ടില്ല. എന്നാൽ റിസോഴ്സ് മൊബിലൈസേഷന്റെ ഭാഗമായി സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുക അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി മടക്കി നൽകുവാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഈ തുകകളും പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പളയിനത്തിലുള്ള തുകയും അധിക വിഭവ സമാഹരണം വഴിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും റവന്യൂ വരുമാനം അനാവശ്യ ചെലവുകൾ കുറച്ചും സർക്കാർ കണ്ടെത്തും.

(ഡി) വിവരങ്ങൾ സമാഹരിച്ചു വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 31.3.2000-ൽ സംസ്ഥാന ഗവൺമെന്റിന്റെ റവന്യൂ കമ്മി 3642.21 കോടി രൂപയാണ്.

സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത

16 (348) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മൊത്തം കടം 1.12.2000-ൽ എത്ര കോടിയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കരാറുകൾക്ക് 1.12.2000 ൽ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, അവശകലാകാരന്മാരുടെ പെൻഷൻ ഈ ഇനത്തിൽ 1.12.2000-ൽ എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ ബാങ്കിനും എത്ര തുകയാണ് ഗവണ്മെന്റ് കൊടുക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റ് ജീവനക്കാർക്ക് നിലവിലുള്ള ഡി.എ.കുടിശ്ശിക എത്ര കോടി രൂപയാണ് കൊടുത്തുത്തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്)യു.ജി.സി സ്കീം നടപ്പിലാക്കിയ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി സ്കീം നടപ്പിലാക്കാൻ യു.ജി.സി ഗ്രാന്റ്സ് കമ്മീഷൻ എന്തു തുകയാണ് സംസ്ഥാന ഗവൺമെന്റിനെ ഏൽപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ജി) യു.ജി.സി.സ്കീം നടപ്പിലാക്കാൻ 1.12.2000 വരെ എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എച്ച്) പ്ലസ് 2 അദ്ധ്യാപകർക്ക് 1.12.2000 വരെ ശമ്പളം ഇനത്തിൽ എത്ര കോടി രൂപയാണ് കുടിശ്ശിക ഉള്ളതെന്ന് വ്യക്തമാക്കാമോ;

---

† അനുബന്ധം IV

1189/2010.

LIBRARY ARCHIVES Kerala Legislative Assembly